മെട്രോ വാർത്ത

16 January 2018

# മത്സ്യമേഖലയിലെ മുന്നറിയിപ്പ് സംവിധാനങ്ങളുടെ കൃത്യത ഉറപ്പുവരുത്തണം

കൊച്ചി: മത്സ്യമേഖലയിൽ മുന്നറിയിപ്പ് സംവിധാനങ്ങളുടെ കൃത്യത ഉറപ്പ് വരുത്തണമെന്ന് കേന്ദ്ര കാർഷിക മന്ത്രാലയത്തിന് കീഴിലുള്ള കാർഷിക ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. ത്രിലോചൻ മൊഹാപത്ര. സിഎംഎഫ്ആർഐ സംഘടിപ്പിക്കുന്ന രണ്ടാമത് രാജ്യാന്തര സഫാരി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മത്സ്യത്തൊഴിലാളികൾക്കും കർഷകർക്കും ഏറെ പ്രയോജനപ്പെടുന്ന വിവിധ മുന്നറിയിപ്പ് സംവിധാനങ്ങളിൽ ഉപയോഗിക്കുന്ന സാങ്കേതികവിദ്യ ഓരോ സമയത്തും പരിശോധനയ്ക്ക് വിധേയമാക്കണം.

ഇതിനുപയോഗിക്കുന്ന ശാസ്ത്രീയ മാനദണ്ഡങ്ങൾ പുതിയ സാങ്കേതികവിദ്യ വരുന്നതിനനുസരിച്ച് നവീകരിക്കണം. കാലാവസ്ഥ മുന്നറിയിപ്പ്, മീനുകൾ കൂടുതൽ ലഭ്യമായ സ്ഥലങ്ങളുടെ പ്രവചനം, കടലിന്റെ സ്വഭാവത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് തുടങ്ങിയവ കാര്യക്ഷമമാക്കണം. സിഎംഎഫ്ആർഐ, ഇൻകോയിസ് എന്നീ സ്ഥാപനങ്ങളുടെ സംയുക്ത ശ്രമത്തിൽ വികസിപ്പിച്ച എം കൃഷി മൊബൈൽ ആപ്പ് ഇത്തരത്തിൽ മത്സ്യമേഖലയിൽ ഏറെ പ്രയോജനകരമാണെന്ന് അദ്ദേഹം പറഞ്ഞു.

മത്സ്യോത്പാദനം വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ വരുന്നതോടൊപ്പം, സമുദ്ര വിഭവങ്ങളുടെ സുസ്ഥിരത കൂടി ഉറപ്പ് വരുത്താൻ ശാസ്ത്ര സമൂഹം മുന്നിട്ടിറങ്ങണം. ഉത്തരവാദിത്വപൂർണ മത്സ്യബന്ധനരീതിയാണ് കൂടുതൽ അഭികാമ്യം. സമുദ്ര പരിസ്ഥിതിയുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് റിമോട്ട് സെൻസിങ് വിദ്യകൾ പ്രയോജനകരമാകുമെന്ന് ഡോ. മൊഹാപത്ര പറഞ്ഞു. മത്സ്യമേഖലയുടെ പുരോഗതിക്കായുള്ള കർമപദ്ധതി മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന സഫാരി സമ്മേളനത്തിന്റെ ചർച്ചകളിലൂടെ രൂപപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഐസിഎആർ ഡെപ്യൂട്ടി ഡയറക്റ്റർ ജനറൽ ഡോ. ജെ.കെ. ജെന അധ്യക്ഷത വഹിച്ചു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി മുന്നോറോളം പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. ഇന്ത്യക്ക് പുറമേ, ഒമ്പത് രാജ്യങ്ങളിൽ നിന്നായി 25 പേർ സിഎംഎഫ്ആർഐയിൽ നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

സമ്മേളനത്തോടനുബന്ധിച്ച്, പൊതുജനങ്ങൾക്കായി മത്സ്യ-ഭക്ഷ്യ-കാർഷിക മേളയും പ്രദർശനവും ഒരുക്കിയിട്ടുണ്ട്. സമ്മേളനത്തിന്റെ അവസാന ദിവസമായ നാളെ രാവിലെ 10.30ന് നടക്കുന്ന ദുരന്തനിവാരണത്തെ കുറിച്ചുള്ള പ്രത്യേക ചർച്ചയിൽ ഫിഷറീസ് മന്ത്രി ജെ. മെഴ്സിക്കുട്ടിയമ്മ മുഖ്യാതിഥിയാകും.



*സിഎംഎഫ്ആർഐയുടെ എഴുപതാം വാർഷികത്തിന്റെ ഭാഗമായി എറണാകുളം സിഎംഎഫ്ആർഐയിൽ നടക്കുന്ന മറൈൻ എക്സിബിഷൻ കാണുന്ന വിദ്യാർഥികൾ.*